## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1720

25.03.2013 ലെ മറുപടിയ്ക്ക്

## ശാസ്ത്ര സ്ഥാപനങ്ങളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ : | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതെല്ലാം ശാസ്ത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;<br>(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ കേന്ദ്ര- സംസ്ഥാന-ഇതര ഉടമസ്ഥതയിൽ ഉള്ള സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് പ്രത്യേകം വ്യക്തമാക്കുമോ ;<br>(സി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ? | (എ), (ബി) & (സി)<br>കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ ആറ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരത്തുള്ള ഹെഡ്ക്വാർട്ടേഴ്സ് കൂടാതെ ജെ.എൻ.റ്റി.ബി. ജി.ആർ.ഐ, നാറ്റ്പാക്, സെസ്സ്, ഡി.ഡബ്ല്യൂ.ആർ.ഡി.എം, കെ.എഫ്.ആർ.ഐ, കെ.എസ്.ഒ.എം എന്നീ ആറു ഗവേഷണ കേന്ദ്രങ്ങളാണ് നിലവിലുള്ളത്. കഴിഞ്ഞ വർഷം 2012-ൽ ശ്രീനിവാസ രാമാനുജന്റെ 125-ാം ജന്മദിനാഘോഷവുമായി ബന്ധപ്പെട്ട് കോട്ടയത്ത് RIT Campus-ൽ ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസസ് എന്ന സ്ഥാപനം ആരംഭിച്ച്, വിവിധ പ്രവർത്തനങ്ങൾ കേരളത്തിലുടനീളം ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ Wetlands Research Institute-ഉം ആരംഭിക്കാൻ തീരുമാനം എടുത്തിട്ടുണ്ട്.<br><br>കൗൺസിലിന്റെ കീഴിലുള്ള ആറ് സ്ഥാപനങ്ങളും സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ളവയാണ്. പ്രസ്തുത സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഈ സ്ഥാപനങ്ങളിൽ പ്രത്യേകം റിസർച്ച് കൗൺസിൽ, മാനേജ്മെന്റ് കമ്മിറ്റി, റിവ്യൂ കമ്മിറ്റി എന്നിവ നിലവിലുണ്ട്. കേന്ദ്ര-സംസ്ഥാന-ഇതര ഉടമസ്ഥതയിൽ ഉള്ള ശാസ്ത്ര സ്ഥാപനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. |

Haneefa

സെക്ഷൻ ഓഫീസർ